പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2373 **27-10-2026-ൽ മറുപടിയ്ക്ക്**

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കെ.എസ്.ഇ.ബി. നടപ്പാക്കുന്ന പദ്ധതികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ഫൈസൽ ബാബു ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ ജനവാസ മേഖലകളിലും വ്യാപാരസ്ഥാപനങ്ങളിലും വർധിച്ചുവരുന്ന വൈദ്യുതി ആവശ്യകത കണക്കിലെടുത്ത്, കുറഞ്ഞ വോൾട്ടേജ്, അമിതഭാരം, വൈദ്യുതി തടസ്സങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയുടെ ശേഷി വർധിപ്പിക്കുന്നതിനും ഭൂഗർഭ കേബിളുകൾ ഉൾപ്പെടെയുള്ള വിതരണശൃംഖല നവീകരിക്കുന്നതിനും കെ.എസ്.ഇ.ബി. നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പൂർത്തീകരണ സമയപരിധിയും വ്യക്തമാക്കുമോ?

മറുപടി: കോഴിക്കോട് സൗത്ത് മണ്ഡലവുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം

കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വിവിധ സെക്ഷനുകളിലായി ദ്യുതി പദ്ധതിയുടെ ഭാഗമായി വിഭാവനം ചെയ്തിട്ടുണ്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ

നമ്പർ	ഓഫീസിന്റെ പേര്	പ്രവർത്തി	തുക (രൂപയിൽ)	പൂർത്തീകരിക്കുന്ന സമയം
1	സെൻട്രൽ ഇലക്ട്രിക്കൽ സെക്ഷൻ	തളി ഫീഡറിന് അധിക സബ്-റിംഗ് (Additional Sub Ring) നൽകുന്നതിനായി ഫോക്കസ് മാൾ RMU, ശാരദ RMU എന്നിവിടങ്ങളിൽ 'C' മോഡ്യൂളും യു.ജി കേബിൾ സ്ഥാപിക്കലും; വികാസ്, കാമത്ത് ലേൻ Ring Main Unit -കളിൽ 'C' മോഡ്യൂൾ സ്ഥാപിക്കലും; ഒഎൽടി റോഡിൽ ഓവർ ബ്രിഡ്ജ് RMU സ്ഥാപിക്കലും; ഗോൾഡൻ പ്ലാസ RMU-ലേക്ക് 'V' മോഡ്യൂൾ സ്ഥാപിക്കലും.	77,26,664/-	2027 മാർച്ചിന് മുമ്പ് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്
		രാജാജി ഫീഡറിൽ കേടുപാടുകളും തകരാറുകളും സംഭവിച്ചതിനെ തുടർന്ന് പുതിയറ ഫീഡറിൽ നിന്ന് ശാരദ RMU- വിലേക്ക് കേബിൾ ഇടുന്ന പ്രവൃത്തി	39,26,175/-	2027 മാർച്ചിന് മുമ്പ് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തിരിക്കുന്നത്
2	ബീച്ച് ഇലക്ട്രിക്കൽ സെക്ഷൻ	ചെറൂട്ടി റോഡ്, കുര്യാൽ ലൈൻ, ബീച്ച് റോഡ്, RC റോഡ്, പടന്നപള്ളി എന്നിവിടങ്ങളിൽ HT AB കേബിൾ വലിച്ച് പുതിയ 100 KVA ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി	21,000,00/-	3 മാസത്തിനുള്ളിൽ പൂർത്തീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.
3	കോവൂർ ഇലക്ട്രിക്കൽ സെക്ഷൻ	ഉമ്മളത്തൂർ ഭാഗത്ത് രണ്ട് ട്രാൻസ്ഫോർമറുകൾ ഹൈടെൻഷൻ ABC വലിച്ച് സ്ഥാപിക്കുന്ന പ്രവൃത്തി	50,000,00/-	ഹൈടെൻഷൻ എബിസി ലഭ്യമാകുന്ന മുറക്ക് ജോലി പൂർത്തീകരിക്കുന്നതായിരിക്കും.